പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2891 — 18/08/2017 ൽ മറുപടിയ്ക്ക്

# സർവ്വേ ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഡി.കെ.മുരളി | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ സർവ്വേ ഉദ്യോഗസ്ഥരുടെ കുറവുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) & (സി) & (ഡി) | നെയ്യാറ്റിൻകര റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലാണ് നെടുമങ്ങാട് താലൂക്കിലെ സർവ്വേ ഓഫീസുകൾ പ്രവർത്തിക്കുന്നത്. നിലവിൽ ടി ഓഫീസിനു കീഴിൽ വിരമിക്കൽ മുഖേനയുണ്ടായ ഒരു തസ്തിക ഒഴികെ എല്ലാ തസ്തികകളിലും ജീവനക്കാരുണ്ട്. 94 സർവ്വെയർ തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ ഒരു ഒഴിവ് മാത്രമാണുള്ളത്. പ്രസ്തുത ഒഴിവ് ഉടനടി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത താലൂക്കിൽ സർവ്വേയർമാരുടെ എത്ര തസ്തികകളുണ്ടെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ ; | | |
| (സി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെങ്കിലും തടസ്സമുണ്ടോ ; വിശദവിവരങ്ങൾ നൽകുമോ ; | | |
| (ഡി) ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ